പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5647 02.07.2014 - ൽ മറുപടിയ്ക്ക്

## തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഡെന്റൽ വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| പ്രൊ. സി. രവീന്ദ്രനാഥ് | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഡെന്റൽ വിഭാഗം ആരംഭിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ, ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ? | (ബി) | തൃശ്ശൂർ സർക്കാർ ഡെന്റൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനത്തിനായി 19 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 5 കോടി രൂപ തൃശ്ശൂർ ഡെന്റൽ കോളേജിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡിന് കൈമാറുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 120 ലക്ഷം രൂപയുടെ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. കോളേജ് തുടങ്ങുന്നതിനാവശ്യമായ അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ അടുത്ത സാമ്പത്തിക വർഷം സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കും എന്ന് സർക്കാർ തീരുമാനിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ